# അഞ്ചാം കേരള ചരിത്ര കോൺഫറൻസ് പ്രബന്ധങ്ങൾ

## THE RUFFLED TIMES IN HISTORY

എഡിറ്റേഴ്സ്
മനോജ് ടി. ആർ., ബിജു ആർ. ഐ.

## PROCEEDINGS OF Vth INTERNATIONAL CONFERENCE ON KERALA HISTORY



SAHITYA PRAVARTHAKA C.S. LTD. KOTTAYAM
spcs

STUDY
MALAYALAM, ENGLISH

# ANCHAM KERALA CHARITHRA CONFERENCE PRABANDHANGAL

EDITORS
MANOJ T. R. & BIJU R. I.

First Published November 2018

© Rights Reserved

Cover Design
**Rajesh Chalode**

Publishers
SAHITHYA PRAVARTHAKA CO-OPERATIVE SOCIETY LTD.
Kottayam, Kerala State, India
www.spcs.com
Email: spcsktm@gmail.com

Printed at
**M. P. Paul Smaraka**
**Offset Printing Press (SPCS), Kottayam**

Sales Department
NATIONAL BOOK STALL
Thiruvananthapuram, Kollam, Alappuzha, Thiruvalla, Kottayam
Thodupuzha, Ernakulam (Marine Drive), Irinjalakkuda
Thrissur, Palakkadu, Kozhikkodu, Kalpatta, Kannur
www.nationalbookstall.com

**Price Rs. 470.00**

No part of this publication may be reproduced or transmitted
in any form or by any means without prior written
permission of the Publisher.

ISBN 978-93-88597-11-1

978000031430

S 9926 - B 6082 - 154/18 -19 - 1 - 500

# മലയാള പത്രഭാഷ—ചരിത്രവും വർത്തമാനവും

ഡോ. ബിച്ചു എക്സ്. മലയിൽ

അറിവിനെ അധികാരവുമായി ബന്ധിപ്പിച്ചുനിർത്തുന്നതിൽ ഭാഷയുൾപ്പെടെയുള്ള വിനിമയമാർഗ്ഗങ്ങളുടെ പങ്ക് ചെറുതല്ല. ഒരു സമൂഹത്തിലെ ജ്ഞാനവ്യവസ്ഥകൂടിയാണത്. അധികാരവ്യവസ്ഥയുടെ അനുബന്ധം എന്ന നിലയിൽ ഭാഷ രൂപപ്പെടുമ്പോൾ സമൂഹത്തിന്റെ രാഷ്ട്രീയ സാമ്പത്തിക നിയമങ്ങൾ കീഴടക്കപ്പെടുന്നു. കേരളത്തിലെ പത്രങ്ങളുടെ രൂപീകരണവും വികാസവും ഭാഷയുടെ പരിണാമവും ഈ കാര്യം സ്ഥാപിക്കുന്നുണ്ട്. 19, 20 നൂറ്റാണ്ടുകളിൽ ഭാരതത്തിൽ സംഭവിച്ച എല്ലാ സാമൂഹിക മുന്നേറ്റങ്ങളും പ്രചരിച്ചതും ജനകീയപ്രസ്ഥാനങ്ങളായി മാറിയതും പത്രങ്ങൾ വഴിയാണ്. 1821—ൽ കോട്ടയത്ത് സി.എം.എസ് പ്രസ്സ് സ്ഥാപിതമായതു മുതൽ 1956—ൽ ഐക്യകേരളം രൂപപ്പെട്ടതുവരെയുള്ള ഒന്നേകാൽ നൂറ്റാണ്ടിന്റെ ചരിത്രം മലയാള പത്രപ്രവർത്തനത്തിനുണ്ടായിരുന്നു. അതിന്റെ അടിസ്ഥാന സ്വഭാവത്തെ രൂപപ്പെടുത്തിയത് അച്ചടിതന്നെയാണ്. ഇക്കാലത്തെ പത്രങ്ങൾ ഏറ്റെടുത്ത വിപുലമായ സാംസ്കാരികപ്രവർത്തനങ്ങൾ ആധുനിക മലയാളത്തിന്റെ ആഖ്യാനസാധ്യതകൾ രുപപ്പെടുത്തി. ഈ മാധ്യമപശ്ചാത്തലം ഡോ. ഷാജി ജേക്കബ് (2009: 325) നിരീക്ഷിക്കുന്നത് ഇപ്രകാരമാണ്:

1. സാക്ഷരത, സ്ത്രീവിദ്യാഭ്യാസം, മതേതരവിദ്യാഭ്യാസം, ശാസ്ത്ര വിദ്യാഭ്യാസം എന്നിവയിലൂടെ കൈവന്ന ആധുനിക പൊതുബോധവും സാമൂഹികബോധവും.
2. വാർത്തയിലൂടെ മലയാളി കൈവരിച്ച ആധുനിക ലോകബോധവും പാശ്ചാത്യമായ അറിവനുഭവങ്ങളും.
3. വായനയിലൂന്നിയ സാംസ്കാരികരൂപങ്ങളുടെ പൊതുമണ്ഡലത്തിലേക്കുള്ള കടന്നുവരവ്.
4. ജനാധിപത്യത്തിലൂന്നുന്ന ഒരു രാഷ്ട്രീയസമൂഹത്തിന്റെ രൂപീകരണം.

ആധുനിക പൗരസമൂഹത്തിന്റെ രൂപീകരണത്തിൽ മാധ്യമങ്ങൾക്കു വിശേഷിച്ച് പത്രങ്ങൾക്കുള്ള പങ്ക് ഇതിൽനിന്നും വ്യക്തമാകുന്നു. പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ ഇടപെടൽ, അച്ചടിയുടെയും ഗദ്യഭാഷയുടെയും വളർച്ച — ഇവ പത്രപ്രവർത്തനത്തിന്റെയും സാധ്യതകൾ വികസ്വരമാക്കി. കൊളോണിയൽ അധിനിവേശത്തിന്റെ ഫലമായി 16—ാംനൂറ്റാണ്ടു മുതൽ കേരളത്തിൽ പ്രചരിച്ച അച്ചടിവിദ്യ കേരളീയരുടെ ജ്ഞാനാവബോധത്തെ പുതുക്കിപ്പണിയുന്നതിൽ നിർണ്ണായകപങ്ക് വഹിച്ചിട്ടുണ്ട്. അതിന്റെ പ്രയോഗസാധ്യതയായി